**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2270 15.7.2011 ൽ മറുപടിക്ക്**

മരാമത്ത് പണികളുടെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. സി. മമ്മുട്ടി<br>ശ്രീ. കെ.എം. ഷാജി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മരാമത്ത് പണികൾ കാലതാമസമില്ലാതെ പൂർത്തിയാക്കാൻ നിലവിലുള്ള സമീപനത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. ടെൻഡർ നടപടികളിൽ കാലതാമസം ഒഴിവാക്കുവാനായി ഇ - ടെണ്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഉദ്യോഗസ്ഥന്മാരുടെ അനുമതി നൽകുന്നതിനുള്ള പരിധി ഉയർത്തിയും പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് ആധുനിക സാങ്കേതിക വിദ്യയിൽ ആവശ്യമായ പരിശീലനം നൽകിയും കാലതാമസം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എഗ്രിമെന്റ് വച്ചശേഷം നിശ്ചിത കാലാവധിക്കകം പണി പൂർത്തിയാകാതിരിക്കാനുള്ള കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അസംസ്കൃത വസ്തുക്കളുടേയും തൊഴിലാളികളുടേയും ദൗർലഭ്യം, ജോലി സ്ഥലങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന അവസ്ഥകൾ, ജോലികളിൽ സാങ്കേതികമായ കാരണങ്ങൾ കൊണ്ടു |

ണ്ടാകുന്ന കാലതാമസം, കോടതി കേസുകൾ മുതലായവയാണ് പണി പൂർത്തിയാകാതിരിക്കാനുള്ള കാരണ - ങ്ങൾ. കൂടാതെ ചില പ്രവൃത്തികൾക്ക് കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ കൊണ്ടും കാലതാമസം വരാറുണ്ട്. ഇപ്രകാരമുള്ള കാലതാമസ ത്തിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കാറുണ്ട്. ഓരോ പണികളുടെയും കാലതാമസം വിശദമായി പഠിച്ച് എത്രയും പെട്ടെന്ന് പണിപൂർത്തീ കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) കാലതാമസം ഉണ്ടാക്കാനിടയുള്ള കാരണങ്ങൾ ഒഴിവാക്കിയശേഷം കരാർ വയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) കാലതാമസം ഉണ്ടാകാൻ സാധ്യതയുള്ള തടസങ്ങൾ പരമാവധി ഒഴിവാക്കിയതിനു ശേഷം മാത്രം പ്രവൃത്തികൾ എഗ്രിമെന്റ് വയ്ക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ